**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം : 53 09.02.2016 ൽ മറുപടിയ്ക്ക്

**പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ**

**ചോദ്യം**

ശ്രീ.പി.ബി. അബ്ദുൾ റസാക്
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം.ഉമ്മർ
,, കെ.എൻ.എ.ഖാദർ :

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നല്കാമോ;

(ബി) ഇതിന്റെ ഭാഗമായി ബോർഡ് വക റിസർവോയറുകളിലെ ജലപ്പരപ്പിൽ ഫ്ലോട്ടിംഗ് പാനലുകൾ സ്ഥാപിച്ച് സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പ്രകാരം നടപ്പാക്കിയ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജന പ്പെടുത്തുന്നതിനു വേണ്ടി സൗരോർജ്ജ രംഗത്ത് അനെർട്ട് ആവിഷ്കരിച്ച്, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ അനുബന്ധം 1 ആയും കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം 2 ആയും ചേർക്കുന്നു.

(ബി) ഉണ്ട്.

(സി) 10 KWp ശേഷിയുള്ള ഒരു ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് വയനാട് ജില്ലയിലെ ബാണാസുരസാഗർ ഡാമിന്റെ റിസർവോയറിൽ സ്ഥാപിച്ചിട്ടുണ്ട്. എനർജി ഇന്നവേഷൻ സോണിലൂടെ (EIZ) സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 'വാത്സ എനർജി' എന്ന സ്ഥാപനം ആണ് ഇത് സ്ഥാപിച്ചത്.

ഇതുകൂടാതെ, ഈ റിസർവോയറിൽ 500 Kwp ശേഷിയുള്ള ഒരു ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 'അഡ്ടെക്ക് സിസ്റ്റംസ്' എന്ന കമ്പനിയ്ക്കാണ് 9.245 കോടി രൂപയ്ക്ക് കരാർ നൽകിയിരിക്കുന്നത്. 705680 യൂണിറ്റ് വൈദ്യുതിയാണ് പ്രതിവർഷം ഇവിടെ നിന്നും ഉത്പാദിപ്പി ക്കാൻ ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

### 10000 സൗരഗൃഹ പദ്ധതി

2012-13 കാലയളവിൽ കേന്ദ്ര - സംസ്ഥാന ധനസഹായത്തോടെ അനെർട്ട് ആരംഭിച്ച ഈ പദ്ധതിയുടെ ലക്ഷ്യം സംസ്ഥാനത്തിന്റെ സൗരോർജ്ജ സ്ഥാപിത ശേഷി 10 മെഗാവാട്ട് ഉയർത്തുക എന്നതാണ്. പ്രസ്തുത പദ്ധതി വഴി ഒരു കിലോവാട്ട് ശേഷിയുള്ള 10000 സൗര യൂണിറ്റുകളാണ് കേരളത്തിലുടനീളമായി സ്ഥാപിക്കുന്നത്. സൗരപാനൽ, ഇൻവെർട്ടർ, ബാറ്ററി എന്നിവ ഉൾപ്പെടുന്ന സൗര പ്ലാന്റിൽ നിന്നും പ്രതിദിനം 3 മുതൽ 3.5 യൂണിറ്റ് വരെ വൈദ്യുതി ഉല്പാദനം സാധ്യമാകുന്നു. ഇത്തരത്തിലുള്ള ഒരു പ്ലാന്റിന് കേന്ദ്ര ധനസഹായമായി 52,197/- രൂപയും സംസ്ഥാന ധനസഹായമായി 39,000/- രൂപയും ലഭ്യമാക്കി വരുന്നുണ്ട്. നിലവിൽ 18,200 ഓളം പേർ അപേക്ഷിച്ച ഈ പദ്ധതിയിൻ കീഴിൽ 8500 ലധികം മേൽക്കൂരകളിൽ പദ്ധതി പൂർത്തിയാക്കുക വഴി 8.5 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

### സോളാർ കണക്ട് ശൃംഖലാബന്ധിത സൗരോർജ്ജ പദ്ധതി

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ അനെർട്ട് വഴി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന മറ്റൊരു പദ്ധതിയാണ് സോളാർ കണക്ട് ശൃഖംലാബന്ധിത സൗരോർജ്ജ പദ്ധതി. ഈ പദ്ധതി നടത്തുക വഴി സംസ്ഥാനത്തിന്റെ സൗരോർജ്ജ മേഖലയിലെ സ്ഥാപിതശേഷി 15 മെഗാവാട്ട് ഉയർത്താനാണ് അനർട്ട് ലക്ഷ്യമിടുന്നത്. അപേക്ഷകർക്ക് 2 മുതൽ 50 കിലോവാട്ട് വരെയുള്ള പവർ പ്ലാന്റുകൾക്ക് അപേക്ഷിക്കാവുന്ന പദ്ധതികളിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി ലിമിറ്റഡിലേക്ക് ലഭ്യമാക്കുകയെന്നതാണ് ഉദ്ദേശ ലക്ഷ്യം. ഇത് ഇന്ന് കേരളം നേരിടുന്ന വൈദ്യുതി പ്രതിസന്ധിയ്ക്ക് ഒരു പരിധി വരെ പരിഹാരവുമാണ്.

ഈ പദ്ധതിയിൽ കേന്ദ്ര ധനസഹായമായി 24,000/- രൂപ പ്രതി കിലോവാട്ടും (മൊത്തം തുകയുടെ 30% അല്ലെങ്കിൽ പരമാവധി 24,000/- രൂപ) സംസ്ഥാന സർക്കാരിന്റെ ധനസഹായമായി 10,000/- പ്രതി കിലോവാട്ടും അപക്ഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ഇതുവരെ 13 മെഗാവാട്ടിലധികം പവർ പ്ലാന്റുകൾക്കായി അപേക്ഷ ലഭിച്ച ഈ പദ്ധതിയിൽ 5 മെഗാവാട്ട് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പഠന റിപ്പോർട്ട് അനെർട്ടിൽ ലഭിക്കുകയും തുടർന്ന് അതിൽ 3.6 മെഗാവാട്ട് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുമുണ്ട്.

### സോളാർ സൗരോർജ്ജ റാന്തൽ വിതരണം ചെയ്യുന്ന പദ്ധതി

ഇപ്പോൾ കേരളത്തിലെ സാധാരണ ജനങ്ങൾക്കായി വീട്ടാവശ്യത്തിന് ഉപയോഗിക്കുന്നതിനായി 45,000 സൗരോർജ്ജ എൽ.ഇ.ഡി. റാന്തലുകളുടെ ടെണ്ടർ നടപടി തുടങ്ങിക്കഴിഞ്ഞു. ഏകദേശം 2500 രൂപയോളം വിലവരുന്ന സൗരോർജ്ജ റാന്തലിന് ജനറൽ വിഭാഗത്തിന് 500 രൂപയും എസ്.സി./എസ്.റ്റി/ബി.പി.എൽ. വിഭാഗത്തിന് 1000 രൂപയയുമാണ് സബ്സിഡി. സൗരോർജ്ജ റാന്തലുകൾ ആവശ്യമുള്ള ഉപഭോക്താക്കൾക്ക് അനർട്ടിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും റേഷൻ കാർഡ് മുഖാന്തിരം ഒരാൾക്ക് ഒരു റാന്തൽ എന്ന ക്രമത്തിൽ സൗരോർജ്ജ റാന്തൽ നൽകി വരുന്നു.

### സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം

കേരളത്തിലെ സാധാരണ ജനങ്ങൾക്കായി 2 CFL light, 1 DC fan, 1 Mobile charging unit എന്നിവ അടങ്ങിയ സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം അനെർട്ടിന്റെ ജില്ലാ ആഫീസുകൾ വഴി നൽകുന്നതിനുള്ള പദ്ധതി തയ്യാറായി വരുന്നു. ഏകദേശം 25,000 രൂപ വിലവരുന്ന സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റത്തിന് 4000 രൂപ സംസ്ഥാന സർക്കാരിന്റെ സബ്സിഡിയായി നൽകി വരുന്നു.

**സോളാർ വാട്ടർ പമ്പ് പദ്ധതി**

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനായി കേരളത്തിലെ കർഷകർക്ക് 3 എച്ച്.പി. ശേഷിയുള്ള സൗരോർജ്ജ പമ്പ് സെറ്റ് എം.എൻ. ആർ.ഇ. യുടെയും അനെർട്ടിന്റെയും സാമ്പത്തിക സഹായത്തോടെ ആവിഷ്കരിച്ചിരിക്കുന്നു. ഇതിനായി 4.50 ലക്ഷം രൂപ വിലവരുന്ന സൗരോർജ്ജ വാട്ടർ പമ്പുകൾ ഏകദേശം 1.50 ലക്ഷം സബ്സിഡി കിഴിച്ച് 3 ലക്ഷം രൂപയ്ക്ക് നൽകുന്ന പദ്ധതിയാണ്. കുറഞ്ഞത് 50 സെന്റ് കൃഷിഭൂമിയുള്ള കർഷകർക്ക് ഇതിനായി അപേക്ഷ നൽകാവുന്നതാണ്. 3 എച്ച്.പി ശേഷിയുള്ള സോളാർ പമ്പിൽ നിന്നും 60 മീറ്റർ താഴ്ചയിൽ നിന്നും വെള്ളം പമ്പ് ചെയ്യാൻ സാധിക്കുന്നതും 63000 ത്തോളം ലിറ്റർ വെള്ളം ഒരു ദിവസം ജലസേചനത്തിനായി ലഭിക്കുന്നതുമാണ്. MPPT സംവിധാനമുള്ള പമ്പുകളായതുകൊണ്ട് ഇത് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുകയും റിമോട്ട് മോണിറ്ററിംഗ് സിസ്റ്റം ഉള്ളതിനാൽ ഇതിന്റെ പ്രവർത്തനം എവിടെ നിന്നും മനസ്സിലാക്കാവുന്നതുമാണ്.

**സൗരോർജ്ജ പ്ലാന്റ്**

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന 363 കിലോവാട്ട് സ്ഥാപിതശേഷിയുള്ള പവർ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും 323 കിലോവാട്ട് സ്ഥാപിതശേഷിയുള്ള പവർപ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലുമാണ്. കൂടാതെ പാലക്കാട് ജില്ലയിലെ കുഴൽ മന്ദത്ത് അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

**സോളാർ വാട്ടർ ഹീറ്റർ**

സൗരതാപോർജ്ജം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ അനെർട്ട് നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയിൻ കീഴിൽ വ്യവസായിക ആവശ്യങ്ങൾക്കും, ഗാർഹികാവശ്യങ്ങൾക്കും ജലം ചൂടാക്കുന്നതിനുവേണ്ടി സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിന് സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി അനുവദിക്കുന്നുണ്ട്. എഫ്.പി.സി വിഭാഗത്തിൽപ്പെട്ട സോളാർ വാട്ടർ ഹീറ്ററുകൾക്ക് ഓരോ 100 ലിറ്റർ പ്രതിദിന ശേഷിക്കും 4000/-രൂപ (നാലായിരം രൂപ മാത്രം) വീതവും ഇ.റ്റി.സി. വിഭാഗത്തിൽപ്പെടുന്ന സോളാർ വാട്ടർ ഹീറ്ററുകൾക്ക് ഓരോ 100 ലിറ്റർ പ്രതിദിനശേഷിക്കും 3000/- രൂപ (മൂവായിരം രൂപ മാത്രം) വീതവും സബ്സിഡി നൽകിവരുന്നുണ്ട്.

**ബയോഗ്യാസ് പ്ലാന്റുകൾ**

ജൈവമാലിന്യത്തിൽ നിന്നും ബയോഗ്യാസ് ഉത്പാദിപ്പിക്കുവാൻ സാധിക്കുന്ന വിധത്തിലുള്ള ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും ഹോസ്റ്റലുകൾ/ ഹോട്ടലുകൾ/ ക്യാന്റീനുകൾ തുടങ്ങി ജൈവമാലിന്യം ധാരാളമായി ലഭിക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കാവുന്ന വലിയ ബയോഗ്യാസ് പ്ലാന്റുകളും അനെർട്ട് സബ്സിഡിയോടുകൂടി സ്ഥാപിച്ചു നൽകുന്നു.

0.75 ക്യൂബിക് മീറ്റർ, 1 ക്യൂബിക് മീറ്റർ എന്നീ ശേഷിയുള്ളതും അനെർട്ട് ഡിസൈൻ അനുസരിച്ചുള്ളതുമായ 6200 പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കി വരുന്നു. ഇത്തരത്തിലുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്ന ഗുണഭോക്താക്കൾക്ക് പരിശോധനയ്ക്കുശേഷം 8000 രൂപ വീതം സംസ്ഥാന സബ്സിഡിയായി നൽകുന്നു.

2 ക്യൂബിക് മീറ്റർ മുതൽ 6 ക്യൂബിക് മീറ്റർ വരെ ശേഷിയുള്ള 1850 ബയോഗ്യാസ് പ്ലാന്റുകൾ കേന്ദ്ര സർക്കാരിന്റെ നാഷണൽ ബയോഗ്യസ് മാനുവർ മാനേജ്മെന്റ് പദ്ധതിയുടെ ഭാഗമായി അനെർട്ട് ഈ വർഷം നടപ്പിലാക്കുന്നു. പ്രസ്തുത പ്ലാന്റുകൾക്ക് ജനറൽ വിഭാഗത്തിന് 9000 രൂപയും പട്ടികജാതി വിഭാഗത്തിന് 11,000 രൂപയും കേന്ദ്ര സർക്കാരിൽ നിന്ന് സബ്സിഡിയായി ലഭിക്കുന്നു. ഇവ കക്കൂസുമായി ബന്ധിപ്പിക്കുകയാണെങ്കിൽ 1200 രൂപ അധിക സബ്സിഡി ലഭിക്കും.

അനെർട്ട് ഡിസൈൻ അനുസരിച്ചുള്ളതും 10,15,20,25,35 ക്യൂബിക് മീറ്റർ എന്നീ അളവുകളിലുള്ളതുമായ വലിയ പ്ലാന്റുകൾ ക്യൂബിക് മീറ്ററിന് 4000 രൂപ സബ്സിഡി ക്രമത്തിൽ അനെർട്ട് അംഗീകൃത ടേൺ - കീ ഏജന്റുമാർ മുഖേന സ്ഥാപിച്ചു നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

**കാറ്റിൽ നിന്നും വൈദ്യുതി**

കേരളത്തിൽ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സിയുമായി കേരള സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻ പ്രകാരം ആകെ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ പ്രദേശങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി (ലക്ഷം) | പൂർത്തീകരിച്ച തീയതി | കരാറുകാരൻ |
|---|---|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 800 | 20.08.2015 | M/s. ബോഷ് |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 110 | 30.08.2015 | M/s. കെൽട്രോൺ |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 50 | 10.09.2015 | M/s. മില്ലേനിയം സിനർജി |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 15 | 21.01.2016 | സ്റ്റാർട്ട്-അപ് വഴിയുള്ള പദ്ധതികൾ (EOIP) |
| 5 | സോളാർ പാർക്ക് - സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | | 20.07 | 21.01.2016 | സ്റ്റാർട്ട്-അപ് വഴിയുള്ള പദ്ധതികൾ (EOIP) |
| | ആകെ | 1.156 | | | |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി (ലക്ഷം) രൂപ | ഇപ്പോഴത്തെ നിലവാരം | കരാറുകാരൻ |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി യുടെ ജനറേഷൻ വിഭാഗത്തിലെ അനുയോജ്യമായ പവർ ഹൗസ് കെട്ടിടങ്ങളുടെ മുകളിൽ ഗ്രിഡ് കണക്റ്റഡ് (17 നം.) | 0.700 | 700 | നിർമ്മാണം അവസാനഘട്ടത്തിലാണ് | M/s. ജനസ് |
| 2 | പാലക്കാട് 5 ആദിവാസി കോളനികൾ ഡി.ഡി.ജി | 0.047 | 182.8 | നിർമ്മാണം പുരോഗമിക്കുന്നു | M/s വോൾടെക്ക് |
| 3 | പാലക്കാട് 10 ആദിവാസി കോളനികൾ ഡി.ഡി.ജി | 0.0845 | 339.872 | നിർമ്മാണം പുരോഗമിക്കുന്നു | M/s വോൾടെക്ക് |
| 4 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത് | 1.25 | 831 | നിർമ്മാണം ആരംഭിച്ചു | M/s എ.ഐ.സി |
| 5 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 746 | നിർമ്മാണം ആരംഭിച്ചു | M/s ജാക്സൺ |
| 6 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.400 | 432 | നിർമ്മാണം ആരംഭിച്ചു | M/s. കെൽട്രോൺ |
|  | ആകെ | 3.4815 |  |  |  |

## ടെൻഡർ ക്ഷണിച്ച്/വർക്ക് നൽകിയ സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി (ലക്ഷം) രൂപ | ഇപ്പോഴത്തെ നിലവാരം | കരാറുകാരൻ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 | 40 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ്. വർക്ക് ഓർഡർ നൽകും. | M/s. റേഡിയന്റ് സോളാർ |
| 2 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 | 819 | നിർമ്മാണം ആരംഭിച്ചു | M/s. ജാക്സൺ |
| 3 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | 414 | നിർമ്മാണം ആരംഭിച്ചു | M/s. ജാക്സൺ |
| 4 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | 1250 | വർക്ക് ഓർഡർ നൽകി. | M/s. ജാക്സൺ |
| 5 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | 468 | വർക്ക് ഓർഡർ നൽകി. | M/s. തവസ്യ വെൻചേഴ്സ് പാർട്ണേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് |
| 6 | പൊന്നാനി, മലപ്പുറം | 0.50 | 312 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് വർക്ക് ഓർഡർ നൽകും. | M/s. കെൽട്രോൺ |
| 7 | കൊട്ടിയം, കൊല്ലം | 0.60 | 375 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് | |

| | | | | | |
|---|---|---|---|---|---|
| 8 | പീരുമേട്, ഇടുക്കി | 0.50 | 318 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് | |
| 9 | മാടക്കത്തറ & ചൂളിശ്ശേരി, തൃശ്ശൂർ | 1.50 | 938 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് | |
| 10 | ഏറ്റുമാനൂർ, കോട്ടയം | 1.00 | 691 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് | |
| 11 | പോഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | 781 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് | |
| 12 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | 317 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് | |
| 13 | മയിലാട്ടി, കാസർഗോഡ് | 1.00 | 625 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് | |
| 14 | ബാണാസുരസാഗർ റിസർവ്വോയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | 925 | നിർമ്മാണോത്ഘാടനം 21.01.2016 ൽ നടന്നു | M/s. ആഡ്- ടെക്ക് |
| 15 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | 2710 | നിർമ്മാണം നടന്നു വരുന്നു | M/s. കെൽട്രോൺ |
| 16 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | 807 | വർക്ക് ഓർഡർ നൽകി | M/s. എ.ഐ.സി. സോളാർ |
| | ആകെ | 15.4 | | | |

## ലക്ഷ്യം വയ്ക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി (ലക്ഷം) രൂപ | ഇപ്പോഴത്തെ നിലവാരം | കരാറുകാരൻ |
|---|---|---|---|---|---|
| 1 | കമ്പമല എസ്റ്റേറ്റ് | 0.040 | 50 | ഫോറസ്റ്റിന്റെ അനുമതി ലഭിച്ചിട്ടില്ല | |
| 2 | കാസർഗോഡ് സോളാർ പാർക്ക് ഗ്രിഡ് കണക്ടഡ് ഗ്രൗണ്ട് | 200.00 | | 487.71 ഏക്കർ സ്ഥലം 07.10.2015 ൽ എടുത്ത് ജോയിന്റ് വെഞ്ചർ കമ്പനി സ്ഥാപിച്ചു. ഇതിൽ 500 കിലോ വാട്ടിന്റെ ടെൻഡർ നടപടികൾ പൂർത്തിയായി | M / s സെക്കിയും കെ.എസ്.ഇ. ബി.എൽ ഉം സംയുക്തമായി |
| 3 | കൊച്ചി പോർട്ട് ട്രസ്റ്റിൽ കെ.എസ്.ഇ.ബി.യുടെ സ്ഥലത്ത് | 5 | | | |
| 4 | ചതുരംഗപ്പാറയിൽ മൈക്രോ ഗ്രിഡ് പദ്ധതി | 5 | 9.5 | സാമ്പത്തിക സഹായത്തിനായി സംസ്ഥാന സർക്കാരിന് പദ്ധതിയുടെ വിശദാംശം സമർപ്പിച്ചിട്ടുണ്ട്. | |
| 5 | അഗളി മോഡൽ പദ്ധതികൾ | 2 | 24 കോടി | സാമ്പത്തിക സഹായത്തിനായി പ്ലാനിംഗ് ബോർഡിൽ പദ്ധതിയുടെ വിശദാംശം സമർപ്പിച്ചിട്ടുണ്ട് | |
| 6 | പെരുംതേനരുവി കനാൽ ബാങ്ക്, കനാൽ റ്റോപ്പ് | 0.45 | | പദ്ധതിയുടെ ഡീറ്റേൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. | |
| 7 | കഞ്ചിക്കോട് സോളാർ (ഹൈബ്രിഡ് പാർക്ക്) | 2 | | 4.65 വിൻഡിന്റെ പദ്ധതിയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.. | |
| 8 | സോളാർ രാമക്കൽമേട് (ഹൈബ്രിഡ് പാർക്ക്) | 8 | | വിൻഡ് 5 മെഗാവാട്ടിന്റെ ടെൻഡർ നടപടികൾ നടന്നു വരുന്നു. | |
| | ആകെ | 222.49 | | | |

## കാറ്റിൽ നിന്നുള്ള പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി (ലക്ഷം) രൂപ | ഇപ്പോഴത്തെ നിലവാരം | കരാറുകാരൻ |
|---|---|---|---|---|---|
| 1 | പൂവാർ ഫിഷർമെൻ കോളനി മൈക്രോ വിൻഡ് | 1 | 6 കോടി | സാമ്പത്തിക സഹായത്തിനായി സംസ്ഥാന സർക്കാരിന് പദ്ധതിയുടെ വിശദാംശം സമർപ്പിച്ചിട്ടുണ്ട് | |
| 2 | കഞ്ചിക്കോട് (ഹൈബ്രിഡ് പാർക്ക്)<br>1. വിൻഡ് (2.25 MW)<br>2. ഇന്റർ ക്രോപ്പിങ്ങ് വിൻഡ് (4.65 MW) | 2.25<br>4.65 | | 4.65 വിൻഡിന്റെ പദ്ധതിയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. | |
| 3 | രാമക്കൽമേട് വിൻഡ് (12 MW) | | | വിൻഡ് 5 മെഗാവാട്ടിന്റെ ടെൻഡർ നടപടികൾ നടന്നു വരുന്നു. | |
| 4 | അഗളിയിൽ കാറ്റിൽ നിന്നുള്ള പദ്ധതി (82 മെഗാവാട്ട്) (NHPC) | 82 | | ഇതിൽ നല്ലസിംഗം, കോട്ടത്തറ എന്നിവിടങ്ങളിൽ 8 മെഗാവാട്ട് പദ്ധതി കെ.എസ്.ഇ.ബി.എൽ വഴി നടപ്പിലാക്കാനുള്ള നടപടികൾ നടന്നു വരുന്നു. | |
| 5 | കാറ്റിൽ നിന്നുള്ള പദ്ധതി കഞ്ചിക്കോട് കിൻഫ്രാ പാർക്ക് M/s. INOX ൽ നിന്നും സ്ഥലം തിരിച്ചെടുത്തു | 22 | | നടപടികൾ ആരംഭിച്ചിട്ടുണ്ട്. | |
| | ആകെ | 123.9 | | | |